## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 81

08.01.2014 ൽ മറുപടിക്ക്

# റിസോർട്ടുകളിൽ സ്ത്രീകൾക്ക് സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. എളമരം കരീം**<br>**ഡോ. കെ.ടി.ജലീൽ**<br>**ശ്രീ. സി.കൃഷ്ണൻ** | | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) റിസോർട്ടുകളിൽ സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ നിർദ്ദേശം നൽകാനിടയായ സാഹചര്യം അറിയിക്കാമോ ? | എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിലെ ഒരു സ്വകാര്യ റിസോർട്ടിൽ വനിത ഐ.ടി ഉദ്യോഗസ്ഥ ആക്രമണത്തിനിരയായ സംഭവമാണ് റിസോർട്ടുകളിൽ സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ നിർദ്ദേശം നൽകാനുള്ള സാഹചര്യം ഉണ്ടാക്കിയത്. |
| ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ? | ബി) | പൊഴിയൂരിൽ വനിതാ ഐ.ടി ഉദ്യോഗസ്ഥ ആക്രമണത്തിനിരയായ ഐലന്റ് റിസോർട്ടിൽ വനിതാ കമ്മീഷൻ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ടൂറിസം ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിലും ഹോംസ്റ്റേകളിലും മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കമ്മീഷൻ മുന്നോട്ട് വച്ചിട്ടുണ്ട്:<br><br>1. ഇത്തരം കേന്ദ്രങ്ങളിൽ റൂം സൗകര്യങ്ങൾ ഒരുക്കുമ്പോൾ ബലമുള്ള വാതിലുകളും ജനലുകളും ഉണ്ടെന്ന് ഉറപ്പ് വരുത്തുക.<br>2. മതിയായ വെളിച്ചം, സി.സി.ടി.വി സൗകര്യം എന്നിവ റിസോർട്ടുകളുടെ പരിസരത്ത് ഉണ്ടായിരിക്കേണ്ടതാണ്.<br>3. സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനും അവരുടെ കൃത്യ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതിനും മാനേജ്മെന്റിനു കർശന നിർദ്ദേശം നൽകേണ്ടതാണ്.<br>4. ഏതെങ്കിലും അടിയന്തിര സാഹചര്യങ്ങളിൽ അപായ സൂചന നൽകുന്ന അലാറം സംവിധാനം ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>5. ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസും നക്ഷത്രപദവിയും അനുവദിക്കുന്നതിന് മുമ്പായി അപകട സുരക്ഷാ സംവിധാനം ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>6. നക്ഷത്രപദവിയടക്കമുള്ള സംവിധാനങ്ങളുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇത്തരം |

കേന്ദ്രങ്ങൾ ഗവൺമെന്റ് നിഷ്കർഷിക്കുന്ന സുരക്ഷാ സംവിധാനം പാലിക്കാത്ത പക്ഷം സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണ്.

ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ വനിതാ കമ്മീഷൻ സമർപ്പിച്ചിട്ടുള്ള പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

| | |
|---|---|
| സി) വർക്കല, വിഴിഞ്ഞം, കോവളം ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമാധാനാന്തരീക്ഷം ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ? | സി) വർക്കല, വിഴിഞ്ഞം കോവളം ഉൾപ്പെടെയുള്ള പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സമാധാനാന്തരിക്ഷം ഉറപ്പാക്കുന്നതിന് ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി ടോൾഫ്രീ നമ്പർ പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻ നിർത്തി ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ